പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3107

28.01.2014 ൽ മറുപടിക്ക്

## ഗ്യാസ് ഏജൻസികളുടെ ചൂഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി. എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. പി. ഉബൈദുള്ള:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ചൂഷണം ഇല്ലാതാക്കാൻ സ്വീകരിച്ച നിയന്ത്രണ സംവിധാനങ്ങൾ ഏജൻസികൾ ലംഘിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ)<br>(ബി) ഗ്യാസ് ഏജൻസികളെ സംബന്ധിച്ചുള്ള പരാതികളിൽ അധികവും ഉപഭോക്താക്കളോടുള്ള ഗ്യാസ് ഏജൻസി അധികാരികളുടെ സമീപനം, സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം എന്നിവയെക്കുറിച്ചുള്ളതാണ്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി എൽ.പി.ജി. (റെഗുലേഷൻ ഓഫ് സപ്ലൈ & ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 പ്രകാരം ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥർ ഗ്യാസ് ഏജൻസികളിൽ കർശന പരിശോധന നടത്താറുണ്ട്. |
| (സി) സബ്സിഡി ആനുകൂല്യം ആധാറിന്റെ അടിസ്ഥാനത്തിൽ ബാങ്കു വഴിയാക്കുന്നതിന്റെ മറവിൽ ക്രമവിരുദ്ധമായി ഡെപ്പോസിറ്റ് പിരിക്കുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. |
| (ഡി) ഗ്യാസ് ഏജൻസികളെ സംബന്ധിച്ച പരാതികൾ സ്വീകരിച്ച് അപ്പപ്പോൾ നടപടി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) ഉപഭോക്താവിന്റെ പരാതികൾ ജില്ലാ സപ്ലൈ ആഫീസ് തലത്തിലും, താലൂക്ക് സപ്ലൈ ആഫീസ് തലത്തിലും, ഓൺ ലൈൻ മുഖേനയും, ഫോൺ മുഖേനയും, നേരിട്ടും സ്വീകരിക്കുകയും, ഗ്യാസ് |

ഏജൻസിയുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയുന്നവ അപ്പപ്പോൾതന്നെ പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ ഗ്യാസ് ഏജൻസി തലത്തിൽ ഗ്യാസ് ഏജൻസി സ്ഥിതിചെയ്യുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ രൂപീകരിച്ചിട്ടുള്ള സോഷ്യൽ മോണിറ്ററിംഗ് സമിതികൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്നും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ഗ്യാസ് ഏജൻസിയുടമകൾ താലൂക്ക് സപ്ലൈ ആഫീസർമാർ, ഓയിൽ കമ്പനി സെയിൽസ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചു ചേർത്തും ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. വിശദമായ അന്വേഷണം വേണ്ടിവരുന്ന പരാതികളിൽ അപ്രകാരം അന്വേഷണം നടത്തി ഓയിൽ കമ്പനി തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിൽ ആയതിന് ശുപാർശ ചെയ്ത് നൽകാറുണ്ട്. എൽ.പി.ജി. ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിച്ചും, വിതരണം സുഗമമാക്കുന്നതിനും ഉപഭോക്താവിന്റെ പരാതികൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

---

സെക്ഷൻ ഓഫീസർ